# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം


പി.ബി. നമ്പർ-112, ഓവർബ്രിഡ്ജ് ജംഗ്ഷൻ,തിരുവനന്തപുരം-1, ഫോൺ-0471-2460339

വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - secretary. kscewb.tvm@ gmail.com

റീജിയണൽ ഓഫീസ് :
1) പി ബി നമ്പർ. 76, പീക്കേ കോംപ്ലക്സ്, അണ്ടർബ്രിഡ്ജിന് സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ-1, ഫോൺ- 0497-2708370
2) പി ബി നമ്പർ. 106, മഹേശ്വരി ബിൽഡിംഗ് , രണ്ടാംനില, എം. ജി. റോഡ്, തൃശൂർ- 680001, ഫോൺ- 0487-2444266
3) പി ബി നമ്പർ. 2305, കണയന്നൂർ സഹകരണ കാർഷിക- ഗ്രാമവികസന ബാങ്ക് ബിൽഡിംഗ്, പാലാരിവട്ടം പി. ഒ, കൊച്ചിൻ-25, എറണാകുളം ഫോൺ- 0484-2535693.
4) പി. ബി. നമ്പർ 112, കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്, ഓവർബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-1, ഫോൺ-0471-2460440


No : WB/KROA/5046/09 തീയതി : 7-06-2017

## സർക്കുലർ നമ്പർ : 02/2017

വിഷയം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്- കുടിശ്ശിക ഒഴിവാക്കി അംഗത്വം അനുവദിക്കുന്നത് സംബന്ധിച്ച്:-

സൂചന: 23-05-2017 തീയതിയിലെ സ. ഉ (സാധാ) 266/2017 (സഹകരണം) നമ്പർ സർക്കാർ ഉത്തരവ്

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ് ചട്ടപ്രകാരം സഹകരണ സംഘം ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി മുതലാണ് ക്ഷേമബോർഡിൽ അംഗമാകേണ്ടതും ബോർഡ് വിഹിതം അടയ്ക്കേണ്ടതും. പ്രസ്തുത കാലയളവിലെ കുടിശ്ശിക ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതിനാൽ നിരവധി സംഘങ്ങളും ജീവനക്കാരും ബോർഡിൽ അംഗത്വം സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. മേൽ സാഹചര്യത്തിൽ വെൽഫെയർ ബോർഡിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക വിഹിതം ഒഴിവാക്കിക്കൊണ്ട് 6 മാസത്തെ സമയപരിധി നിശ്ചയിച്ച് അംഗത്വം നൽകുന്നതിന് നിലവിലുള്ള ബോർഡ് ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സർക്കാർ ഉത്തരവ് തീയതി മുതൽ 6 മാസം സമയപരിധി നിശ്ചയിച്ച്, കുടിശ്ശിക വിഹിതം ഒഴിവാക്കി അംഗമാകുന്നതിനും ഇപ്രകാരം അംഗത്വം നേടുന്ന ജീവനക്കാർക്ക് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമെ ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികളിലെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി നിലവിലുള്ള ബോർഡ് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് മേൽസൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി- ട്രഷറർ

s